(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

(സി) ആർ.റ്റി.ഇ. നിയമം വരുന്നതിനുമുമ്പ് കെ.ഇ.ആർ. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അംഗീകാരം നൽകിവന്നിരുന്നത്. ഈ സർക്കാർ വന്നശേഷം 549 സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ഡി) മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾക്ക് മാത്രമാണ് അംഗീകാരം നൽകുന്നത്. മറ്റ് വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയില്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളെക്കൊണ്ട് അന്വേഷണം നടത്താറുണ്ട്.

അനധികൃത സ്കൂളുകൾക്ക് അംഗീകാരം

74 (1096) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം നിലവിലുള്ള സ്കൂളുകൾ അടച്ചുപൂട്ടപ്പെട്ടുമോ എന്ന കാര്യം പ്രത്യേകം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പരിധിക്കകത്ത് പ്രവർത്തിച്ചുവന്ന അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾക്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അൺ എക്കണോമിക്കായിട്ടും അടച്ചുപൂട്ടാതിരുന്ന ഏതെല്ലാം സ്കൂളുകളുടെ അടുത്തുള്ള അനധികൃത സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ അൺ എക്കണോമിക് സ്കൂളുകൾ എത്രയെന്നും തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ എത്രയെന്നും പ്രൊട്ടക്ടഡ് അദ്ധ്യാപകർ എത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിരുന്നു. വർഷങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നിലവിൽ 5412 അൺ എക്കണോമിക് സ്കൂളുകളുണ്ട്. 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം സർക്കാർ സ്കൂളുകളിലെ 4687 അദ്ധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിലെ 12917 അദ്ധ്യാപകർക്കും തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly